(ബി) ഉണ്ടെങ്കിൽ എത്ര കോടിയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

&

(സി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

(എ-സി) 20-3-2020-ലെ സ.ഉ.(സാധാ)നമ്പർ 252/2020/ജ.വി.വ. പ്രകാരം ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പാർശ്വസംരക്ഷണഭിത്തിയുടെ അറ്റകുറ്റപ്പണി കൾക്കായി 1.5 കോടി രൂപയ്ക്ക് 5475-00-115-94-Flood Projects Under RKI (P) എന്ന ശീർഷകത്തിൽ ഭരണാനുമതി നല്കി ഉത്തരവായിരുന്നു. അപ്രകാരം പ്രസ്തുത റെഗുലേറ്ററിന്റെ പാർശ്വഭിത്തിയുടെ കേടുപാടുകൾ പരിഹരിക്കുന്നതിനായുള്ള ഡിസൈൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു. ഡിസൈൻ തയ്യാറാക്കി അംഗീകരിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയോടുകൂടി പ്രവൃത്തി ആരംഭിക്കുന്നതാണ്.

തോട്ടക്കടവ് ആർ.സി.ബി. നവീകരണം

176(5623) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാരശ്ശേരി പഞ്ചായത്തിൽ ചെറുപുഴയ്ക്ക് കുറുകെ നിർമ്മിച്ച തോട്ടക്കടവ് ആർ.സി.ബി. പ്രവർത്തനക്ഷമമല്ലാത്തതിന്റെ കാരണം വിശദമാക്കുമോ;

&

(ബി) പ്രദേശത്ത് ജലക്ഷാമം നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത ആർ.സി.ബി. നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ കാരശ്ശേരി പഞ്ചായത്തിൽ മുക്കം ചെറുപുഴയ്ക്ക് കുറുകെ നിർമ്മിച്ച തോട്ടക്കടവ് ആർ.സി.ബി.-യുടെ മരപ്പലക ഉപയോഗിച്ചുള്ള ഷട്ടറുകൾ നശിച്ചുപോയതാണ് ആർ.സി.ബി. പ്രവർത്തനക്ഷമമല്ലാത്തതിന് കാരണം. പ്രസ്തുത ആർ.സി.ബി.-യിൽ അറ്റകുറ്റപ്പണികൾ നടത്തി പുതിയ ഷട്ടറുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നത് പരിശോധിക്കുന്നതാണ്.

സെക്കൻഡ് ഗ്രേഡ് ഓവർസിയർ തസ്തിക

177(5624) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ സെക്കൻഡ് ഗ്രേഡ് ഓവർസിയർ (മെക്കാനിക്കൽ) തസ്തികയിൽനിന്നും ഫസ്റ്റ് ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly